(സി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലും ഓരോന്നിലും ഓരോ വർഷവും ഒന്നാം റാങ്ക് നേടി പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 17/1/1998-ലെ സർക്കാർ ഉത്തരവ് പ്രകാരവും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 23/9/1998-ലെ സർക്കാർ ഉത്തരവ് പ്രകാരവും ഒരു പവൻ വീതം വരുന്ന സ്വർണ്ണ മെഡൽ (ആകെ 4 മെഡൽ) നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മൂന്ന് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

(ഇ) എസ്.എസ്.എൽ.സി.ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട ഓരോ ആൺകുട്ടിക്കും ഓരോ പെൺകുട്ടിക്കും (ആകെ 4 എണ്ണം) മുഖ്യമന്ത്രിയുടെ പേരിൽ 1000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നുണ്ട്. ഇതല്ലാതെ എസ്.എസ്.എൽ.സി.ക്കും പ്രീഡിഗ്രിക്കും പ്ലസ്-ടുവിനും മറ്റവാർഡുകൾ നൽകുന്നകാര്യം പരിഗണനയിൽ വന്നിട്ടില്ല.

12 (3141) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഇപ്പോൾ 10-ാം ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തിയതുപോലെ 8,9 ക്ലാസ്സുകളിൽ കൂടി പ്രത്യേക ട്യൂഷൻ പദ്ധതി തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

ഇക്കാര്യം പരിശോധിച്ചു വരുന്നു.

13 (3142) പിന്നോക്ക പട്ടികജാതി കോളനികളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.സി. കളിലുള്ള കോഴ്സുകൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പട്ടികജാതി കോളനികളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.സി.കളിൽ ഇപ്പോൾ ഏതെല്ലാം പരിശീലന കോഴ്സുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും കോഴ്സുകൾ കൂടി തുടങ്ങാൻ ഉദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വേണ്ടുവോളം സ്ഥലസൗകര്യമുള്ള ശ്രീനിവാസപുരം കോളനിയിൽ ഒരു പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലംബർ, കാർപെന്റർ, കട്ടിംഗ് ആന്റ് ടെയിലറിംഗ്, പെയിന്റർ (ജനറൽ) ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക്-മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ-സിവിൽ, മെക്കാനിക് റേഡിയോ

LIBRARY ARCHIVES Kerala Legislative Assembly